## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4059 — 24.08.2017 -ൽ മറുപടിക്ക്

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കിനൽകുന്നതിനുള്ള അവസരം

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ദീർഘകാലമായി രജിസ്ട്രേഷൻ നടത്തിയവരും നിലവിൽ ചുരുങ്ങിയ കാലയളവിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ പോയവരുമായവർക്ക് പൂർവ്വകാല പ്രാബല്യത്തോടെ രജിസ്ട്രേഷൻ പുതുക്കിനൽകുന്നതിനുള്ള അവസരം നൽകുമോ; | (എ) സ.ഉ.(സാധാ) നം. 1024/17/തൊഴിൽ തീയതി 5.8.2017 പ്രകാരം 1.1.1997 മുതൽ 31.7.2017 വരെ പുതുക്കാതെ ലാപ്സായ രജിസ്ട്രേഷനുകൾ സീനിയോറിറ്റിയോടെ പുതുക്കുന്നതിന് 2.9.2017 മുതൽ 31.10.2017 വരെ സമയം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾ, അംഗപരിമിതർ എന്നിവരുടെ നിയമന ശിപാർശകൾ നിശ്ചയിക്കപ്പെട്ട നിലയിൽ നടക്കുന്നതായി സർക്കാർ ഉറപ്പ് വരുത്താറുണ്ടോ; | (ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾ, അംഗപരിമിതർ എന്നിവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് വയസ്സിളവും മുൻഗണനയും ലഭിക്കുന്നതാണ്. അവരുടെ നിയമന ശിപാർശകൾ നിലവിലുള്ള സർക്കാർ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടാണ് നടത്തുന്നത്. |
| (സി) | ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതും രജിസ്ട്രേഷൻ നിലവിലുള്ളതുമായ വിധവകളുടെയും | (സി) ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതും രജിസ്ട്രേഷൻ നിലവിലുള്ളതുമായ വിധവകളുടെ എണ്ണം - 737, അംഗപരിമിതരുടെ എണ്ണം - 1084. |

| | | |
|---|---|---|
| | അംഗപരിമിതരുടെയും വിവരങ്ങൾ നൽകുമോ; | |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമന ശിപാർശകൾ പരമാവധി വേഗത്തിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവുകളിന്മേൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക സമയപരിധി പാലിച്ച് കൃത്യമായും പരമാവധി വേഗത്തിലും, ഉദ്യോഗദായകർക്കു നൽകി വരുന്നു. കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തിയാകുന്നതോടുകൂടി ഏറ്റവും വേഗത്തിൽ ലിസ്റ്റ് നൽകുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ